**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 763** **10-06-2021 - ൽ മറുപടിയ്ക്ക്**

**കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീയാക്കാത്ത കരാറുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | നിരവധി തവണ നിർമ്മാണ കാലാവധി നീട്ടി നൽകിയിട്ടും മതിയായ കാരണങ്ങളില്ലാതെ കരാറുകാർ പ്രവൃത്തി പൂർത്തിയാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നിരവധി തവണ നിർമ്മാണ കാലാവധി നീട്ടിനൽകിയിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന കരാറുകാർക്കെതിരെ SBD/Revised Manual 2012 പ്രകാരം കർശന നടപടികൾ സ്വീകരിക്കും. കരാറുകാരന്റെ പിഴവ് കൊണ്ട് പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ SBD/Revised Manual 2012 ൽ നിഷ്കർഷിക്കും വിധം കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നു. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവെച്ചാൽ Revised Manual 2012 പ്രകാരം കരാറുകാരനെ Risk & Cost - ൽ terminate ചെയ്യുകയും പ്രവൃത്തി ഈ കരാറുകാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ക്രമീകരിക്കുകയും ചെയ്യുന്നു. തുടർച്ചയായി വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ